(ബി) 1987-88-ൽ രണ്ട് ലക്ഷം രൂപയും
1988-89-ൽ മൂന്നു ലക്ഷം രൂപയും
1989-90-ൽ രണ്ടു ലക്ഷം രൂപയും
1990-91-ൽ രണ്ടു ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) 1990-91-ൽ രണ്ട് ലക്ഷം രൂപ അനുവദിച്ചു.

റേഷൻകടക്ക് ലൈസൻസ് അനുവദിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം

43 [2066] ശ്രീ. കെ. ശങ്കരനാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻകാല പ്രവർത്തികൾ തൃപ്തികരമല്ലെന്നതിന്റെ പേരിൽ 1988-ൽ ചിറയിൻകീഴ് താലൂക്കിലെ 349-ാം നമ്പർ കടയുടെ ലൈസൻസിനുവേണ്ടിയുള്ള ആരുടെയെങ്കിലും അപേക്ഷ നിരസിക്കപ്പെട്ടിട്ടുണ്ടോ; അത് ആരുടേതായിരുന്നു; അന്വേഷണം ചെയ്ത കുറ്റമെന്താണ്;

(ബി) 349-ാം നമ്പർ റേഷൻകട ഇപ്പോൾ നടത്തുന്നത് ആരാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ കട മുൻപ് നടത്തിയിരുന്നത് ഒരു വിമുക്തഭടനായിരുന്നു എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വിമുക്തഭടൻമാർക്ക് റേഷൻകട ലൈസൻസ് അനുവദിക്കുന്നതിന് മുൻഗണന നൽകണമെന്ന് ചട്ടം അനുശാസിക്കുന്നുണ്ടോ;

(ഇ) അപേക്ഷകൻ താമസിക്കുന്ന സ്ഥലവും കടയും തമ്മിലുള്ള ദൂരം മാത്രം കണക്കാക്കി വിമുക്തഭടന്റെ പേരിൽ അനുവദിച്ചിരുന്ന ലൈസൻസ് മാറ്റി നൽകാൻ ഗവൺമെന്റ്, ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ?

ഉത്തരം

(എ) മുൻകാല പ്രവർത്തികൾ തൃപ്തികരമല്ലെന്നതിന്റെ പേരിൽ ചിറയിൻകീഴ് താലൂക്കിലെ 349-ാം നമ്പർ റേഷൻകടയുടെ ലൈസൻസിനായുള്ള അപേക്ഷയൊന്നും നിരസിച്ചിട്ടില്ല. എന്നാൽ എം. എ. ഷാഹിർഷ എന്ന അപേക്ഷകന് മുൻകാല ചെയ്തികൾ തൃപ്തികരമല്ല എന്ന കാരണത്താൽ പ്രസ്തുത കടയുടെ ലൈസൻസിയായി ജില്ലാ സപ്ലൈ ആഫീസർ നിയമനം നൽകിയില്ല. പ്രസ്തുത കടയുടെ മുൻ ലൈസൻസി ആയിരുന്ന ശ്രീ. എം. എ. ജവാദ് ഉദ്യോഗാർത്ഥം വിദേശത്തായിരുന്നപ്പോൾ അവിടത്തെ സെയിൽസ്മാനായിരുന്ന ശ്രീ. ഷാഹിർഷ ലൈസൻസിയാണെന്ന വ്യാജേന ഡിപ്പോ നടത്തി എന്ന കുറ്റം ചെയ്തു.

(ബി) ശ്രീ. എം. എ. ഷാഹിർഷയാണ് ഇപ്പോൾ 349-ാം നമ്പർ റേഷൻകട നടത്തുന്നത്.

(സി) ഉണ്ട്.

(ഡി) മറ്റുയോഗ്യതകളുള്ള വിമുക്തഭടൻമാർക്ക് മുൻഗണന നൽകാവുന്നതാണെന്ന് വ്യവസ്ഥയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ശ്രീ. ഷാഹിർഷ സർക്കാരിനു മുൻപാകെ സമർപ്പിച്ചിരുന്ന റിവിഷൻ ഹർജിയിൻമേൽ അപേക്ഷകർ താമസിക്കുന്ന സ്ഥലവും ഡിപ്പോയും തമ്മിലുള്ള ദൂരം കണക്കാക്കിയശേഷം പുതുതായി തീരുമാനമെടുക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് ജില്ലാ സപ്ലൈ ഓഫീസർക്ക് കേസ് മടക്കുകയുണ്ടായി.

ചിറയിൻകീഴ് താലൂക്ക് സപ്ലൈ ആഫീസർക്കെതിരെ പരാതി

44 [2067] ശ്രീ. കെ. ശങ്കരനാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻകട നടത്താൻ ലൈസൻസ് അനുവദിച്ചുകൊണ്ട് ഉത്തരവായ തീയതി മുതൽ 7 ദിവസത്തിനുശേഷമേ പ്രസ്തുത ഉത്തരവു നടപ്പാക്കാവു എന്ന് നിർദ്ദേശിച്ചുകൊണ്ട് ഏതെങ്കിലും സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആ സർക്കുലറിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ;

(ബി) ഈ സർക്കുലർ സ്റ്റാറ്റ്യൂട്ടറി നിയമമാക്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) ചിറയിൻകീഴ് താലൂക്ക് സപ്ലൈ ആഫീസർ ഈ സർക്കുലറിന് വിരുദ്ധമായി എ. ആർ. ഡി. 349-ാം നമ്പർ കടയുടെ കാര്യത്തിൽ പ്രവർത്തിച്ചതായി തിരുവനന്തപുരം ജില്ല കളക്ടർക്ക് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ഉണ്ട്. സർക്കുലറിന്റെ കോപ്പി അനുബന്ധമായി വെച്ചിട്ടുണ്ട്.†

(ബി) റവന്യൂബോർഡിൽ (സിവിൽ സപ്ലൈസ്) നിന്നും പുറപ്പെടുവിച്ച ഈ സർക്കുലറിലെ നിർദ്ദേശം പാലിച്ചിട്ടില്ലെന്ന് തെളിഞ്ഞാൽ അപ്പോൾത്തന്നെ നടപടിയെടുക്കുവാൻ സാധ്യമായതുകൊണ്ട് ഇത് സ്റ്റാറ്റ്യൂട്ടറി നിയമമാക്കേണ്ട ആവശ്യം ഉണ്ടെന്ന് കരുതുന്നില്ല.

(സി) 349-ാം നമ്പർ ഡിപ്പോ ശ്രീ. ഷാഹിർഷാക്ക് അനുവദിച്ചുകൊടുത്ത ഉത്തരവിനെതിരെ ശ്രീ. രവീന്ദ്രൻനായർ ജില്ലാ കളക്ടർക്ക് അപ്പീൽ നൽകിയിട്ടുണ്ട്. ഇതൊഴികെ മറ്റ് പരാതികളൊന്നും ലഭിച്ചിട്ടില്ല.

349-ാം നമ്പർ റേഷൻകടയുടെ ലൈസൻസ് റദ്ദ് ചെയ്ത സംഭവം

45 [2068] ശ്രീ. കെ. ശങ്കരനാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1986-ൽ അനുവദിച്ച തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് താലൂക്ക് സപ്ലൈ ഓഫീസറുടെ പരിധിയിൽ വരുന്ന 349-ാം നമ്പർ റേഷൻകടയുടെ ലൈസൻസ് റദ്ദ് ചെയ്യുവാനുണ്ടായ കാരണം എന്താണ്; എന്നാണ് ലൈസൻസ് റദ്ദ് ചെയ്തത്;

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly